# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2537

07-10-2016 ൽ മറുപടിയ്ക്ക്

## തുറമുഖങ്ങളിൽ നിന്നും ചരക്ക കപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി. ടി. തോമസ് :<br>ശ്രീ. വി. ഡി. സതീശൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാന തുറമുഖവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തെ തുറമുഖങ്ങളിൽ നിന്നും ചരക്ക കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി അന്യ സംസ്ഥാന തുറമുഖവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തെ തുറമുഖങ്ങളിൽ ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നുണ്ട്. ഗുജറാത്തിൽ നിന്നും ടൈൽസുമായും, കൽക്കട്ടയിൽ നിന്നും മണലുമായും, കൊച്ചിയിൽ നിന്നും സിമന്റ്, സോഡാ ആഷ് എന്നിവയുമായും കേന്ദ്ര ഭരണ പ്രദേശത്തു നിന്നും വിവിധയിനം ചരക്കുകളുമായും വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളിൽ ചരക്ക കപ്പൽ വരുന്നുണ്ട്. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ കപ്പലുകൾ കേരളത്തിലേക്ക് എത്തിക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് പദ്ധതിയനുസരിച്ച് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കുന്ന ചരക്കുകളെയും, യാത്രക്കാരെയും താരതമ്യേന ചെലവു കുറഞ്ഞതും, പാരിസ്ഥിതിക സൗഹാർദ്ദ വുമായ ജല ഗതാഗത മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് |

പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ്/റെയിൽ മാർഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 വർഷത്തോടെ തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നുള്ള താണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ മുഖ്യ ഉദ്ദേശലക്ഷ്യം.

(സി) സർവ്വീസ് നടത്തുന്ന കപ്പലു കൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് അനുവദിച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ ?

(സി) തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കാനായി Rs.1/tonne/KM എന്ന നിരക്കിൽ സർക്കാർ ഇൻസെന്റീവ് നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡിലിംഗ് ചാർജ്ജ് ഇനത്തിലും വിവിധ ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ